**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മലപ്പുറം ജില്ല – മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് - മുണ്ടക്കുളം കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് - പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വാടക നൽകുന്നതിന് - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 152 /2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 19/01/2017

---

പരാമർശം:- 1) മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04/01/2017 ലെ ബി. 1603/16 നമ്പർ കത്ത്.
2) സ.ഉ.(എം.എസ്) 56/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ മുണ്ടക്കുളം കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് അനുവദിക്കുകയും ടി കെ.എസ്.ഇ.ബി ഓഫീസ് തുടങ്ങുന്നതിനായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഇല്ലാത്തതിനാൽ മുണ്ടക്കുളത്തെ ശുഹബുസ്സമാൻ ഇസ്ലാമിക് സെന്ററിന്റെ 14/215, 216, 218 നമ്പർ കെട്ടിടമുറികളിൽ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വാടകയ്ക്ക് തുടങ്ങുന്നതിനായി പൊതുമരാമത്ത വകുപ്പ് നിശ്ചയിക്കുന്ന വാടകയിൽ പ്രതിമാസം 3000/- രൂപ നിരക്കിൽ 3 വർഷത്തേക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്നതാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മുണ്ടക്കുളത്ത് ഒരു പുതിയ കെ.എസ്.ഇ.ബി സെക്ഷൻ തുടങ്ങുന്നതിനായി പഞ്ചായത്തിന്റെ കെട്ടിടങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ മുണ്ടക്കുളത്തെ ശുഹബുസ്സമാൻ ഇസ്ലാമിക് സെന്ററിന്റെ 14/215,216,218 നമ്പർ കെട്ടിട മുറികളിൽ ടി സ്ഥാപനം തുടങ്ങുന്നതിനും ആയതിലേക്ക് പൊതുമരാമത്ത് നിശ്ചയിച്ചിരിക്കുന്ന വാടകയിൽ പ്രതിമാസം പരമാവധി 3000/- രൂപ (മൂവായിരം മാത്രം) 8 മാസത്തേക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രസിഡന്റ്, മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്, പീടികക്കണ്ടി, തവനൂർ പി.ഒ, മലപ്പുറം - 673641
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.